"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 28.03.2017 തീയതിയിൽ മരണപ്പെട്ട നാരായണന്റെ മകൻ ശ്രീ.അക്ഷയ്.എൻ -ന്റെ തസ്തിക മാറ്റത്തിനായുള്ള അപേക്ഷ -സാനിറ്റേഷൻ തസ്തികയിൽ നിയമനം നല്ലുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.53/2025/LSGD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-
1. സ.ഉ(പി) നം.12/99/ഉ. ഭ.പ.വ തീയതി 24.05.1999
2. സ.ഉ.(കൈ) നം.157/2022/LSGD തീയതി 22.07.2022
3. ശ്രീ. അക്ഷയ്.എൻ സമർപ്പിച്ച 30.10.2024തീയതിയിലെ തസ്തിക മാറ്റത്തിനായുള്ള അപേക്ഷ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.02.2025-ലെ LSGD/PD/39575/2024-DEF7-നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ 28.03.2017 തീയതിയിൽ മരണപ്പെട്ട നാരായണന്റെ മകൻ ശ്രീ.അക്ഷയ്.എൻ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതും, ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ആശ്രിതനിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. ആശ്രിതനിയമനം 5% മാത്രമായതിനാൽ ടിയാന് ക്ലർക്ക്/ബിൽ കളക്ടർ നിയമനം ലഭിക്കാൻ ഇനിയും വർഷങ്ങൾ വേണ്ടി വരുമെന്നും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്ന പട്ടികജാതി വിഭാഗത്തിൽപെടുന്ന കുടുംബമാണ് തന്റേതെന്നും നിലവിൽ ടിയാന് നൽകിയിട്ടുള്ള ഉത്തരവ് പിൻവലിച്ച് പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി നിയമനം നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ശ്രീ.അക്ഷയ് എൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ഒഴിവ് ഉണ്ടെന്ന സാക്ഷ്യപത്രവും, ശ്രീ.അക്ഷയ്.എൻ സമർപ്പിച്ച സമ്മതപത്രവും പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പരാമർശം (2)സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി, പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 28.03.2017 തീയതിയിൽ മരണപ്പെട്ട നാരായണന്റെ മകൻ ശ്രീ.അക്ഷയ്.എൻ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ
ജില്ലാ കളക്ടർ , പാലക്കാട്.
ശ്രീ.അക്ഷയ്.എൻ ,S/O നാരായണൻ(Late), പരപ്പന ഹൌസ്, കിണാശ്ശേരി പി.ഒ, പാലക്കാട,678701
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-03-2025 10:36:42
സെക്ഷൻ ഓഫീസർ